LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ മരുന്ന് വിതരണം

121(821) ശ്രീ. ബാബു എം. പാറിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മരുന്ന് വിതരണം മുൻകാലങ്ങളെ അപേക്ഷിച്ച് കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) ലിവർ സിറോസിസ്, കാൻസർ, പേവിഷബാധയ്ക്കുള്ള പ്രതിരോധ കുത്തിവെപ്പ് തുടങ്ങിയ നിരവധി രോഗങ്ങൾക്കുള്ള മരുന്നുകൾ മെഡിക്കൽ കോളേജാശുപത്രികളിൽ ആവശ്യാനുസരണം ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആശുപത്രികളിൽ എത്തുന്ന രോഗികളുടെ വർദ്ധനയ്ക്കനുസരിച്ച് അനുവദിക്കുന്ന മരുന്നുകളുടെ അളവ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) എണ്ണത്തിൽ, പഠനത്തിന്റെ അടിസ്ഥാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ആശുപത്രികളിലെത്തുന്ന രോഗികളുടെ വർദ്ധനവ് അനുസരിച്ച് മുൻ സാമ്പത്തിക വർഷത്തെക്കാളും 20% വർദ്ധിപ്പിച്ച ഇൻഡന്റാണ് തുടർന്ന് വരുന്നത്.

ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിപണനം

122(822) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തുനിന്നും ഗുണനിലവാരമില്ലാത്ത മരുന്നുകൾ കൊണ്ടുവന്ന് വിതരണം ചെയ്യുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; ഇത്തരം പരിശോധനകൾ കർശനമായി നടത്തുന്നുണ്ടോയെന്ന കാര്യം വിലയിരുത്തുന്നുണ്ടോ;

(സി) സംസ്ഥാനത്തെ ആശുപത്രി ഫാർമസികൾ വഴി വിപണനം ചെയ്യുന്ന മരുന്നുകളുടെ അളവും മറ്റ് മെഡിക്കൽ ഷോപ്പുകൾ വഴി വിപണനം ചെയ്യുന്ന അളവും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ആശുപത്രി